**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1065** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പി എം ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. മുരളീധരൻ

ശ്രീ. രാജീവ് ചന്ദ്രശേഖർ

ശ്രീ. ബി. ബി. ഗോപകുമാർ

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരുമായി കരാർ ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2023-24 വർഷം മുതൽ ലഭിക്കാനുള്ള കേന്ദ്രവിഹിതം കുടിശിക ഉൾപ്പെടെ ലഭിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിരന്തരമായ ആവശ്യപ്രകാരം പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻ സർക്കാർ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയവുമായി 2025 ഒക്ടോബറിൽ ധാരണാപത്രം ഒപ്പുവച്ചു. തുടർന്ന് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉയർന്നുവന്ന ആശങ്കകൾ കണക്കിലെടുത്ത് പി.എം. ശ്രീ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും പ്രസ്തുത ഉപസമിതിയുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ നീട്ടി വയ്ക്കാൻ തീരുമാനിച്ചതായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് 2025 നവംബർ 12 ന് കത്ത് നൽകുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത മന്ത്രിസഭാ ഉപസമിതി യോഗം ചേരുകയുണ്ടായില്ല. തുടർന്ന് ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഭരണഘടനാ പ്രകാരമുള്ള സംസ്ഥാനത്തിന്റെ അവകാശങ്ങളായ സിലബസ് തയ്യാറാക്കൽ, പദ്ധതിയിൽ അംഗമാകുന്നതിനുള്ള സ്കൂളുകളുടെ തിരഞ്ഞെടുപ്പ് എന്നിവ നിലനിർത്തി പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 18/06/2026 തീയതിയിലെ സ.ഉ.(കൈ)നം.107/2026/പൊ.വി.വ. പ്രകാരം ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതിയുടെ ആദ്യ യോഗം 24/06/2026 ന് ചേരുകയുണ്ടായി. ടി വിഷയത്തിൽ മന്ത്രിസഭാ ഉപസമിതി അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ബി)** പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദീകരിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പി എം ശ്രീ പദ്ധതി നടപ്പാക്കുന്നതിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദീകരിക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** പി എം ശ്രീ പദ്ധതി പ്രകാരം കേന്ദ്രസർക്കാർ കേരളത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട് ; പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** പി.എം. ശ്രീ പദ്ധതിക്കായി ഒരു തുകയും ഇതുവരെ അനുവദിച്ചിട്ടില്ല. എന്നാൽ പി.എം. ശ്രീ പദ്ധതിക്കായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചതിനെ തുടർന്ന് 2025-26 വർഷത്തിൽ സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് തടസ്സവച്ച 99.27 കോടി രൂപ കേന്ദ്രവിഹിതമായി സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**